# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *599 | 28-10-2016 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

**ചോദ്യം**
ശ്രീ.അനിൽ അക്കര
,, അൻവർ സാദത്ത്
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, വി.ടി.ബൽറാം

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കരനെൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയ ബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച്, ജൈവ മാർഗ്ഗങ്ങളും അവലംബിച്ച് 2663.196 ഹെക്ടർ കരപ്രദേശത്ത് നെൽകൃഷി പുരോഗമിച്ചു വരുന്നു. ഇതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | എത്ര ഹെക്ടറിലാണ് കരനെൽകൃഷി നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 2016-2017 വർഷം ഇതുവരെ ആകെ 2663.196 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പിലാക്കിവരുന്നു. കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിത്ത്, മറ്റുൽപ്പാദനോപാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവക്കായി ഹെക്ടറിന് 13600/- രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം കർഷകന്റെ പുരയിടം, സ്കൂൾ, സർക്കാർ, സർക്കാരിതരസ്ഥാപനങ്ങൾ, ദേവാലയങ്ങളുടെ പരിസരം, ജയിൽ പരിസരം |

| | | | |
|---|---|---|---|
| | | | തുടങ്ങി കരനെൽകൃഷി ചെയ്യാൻ സൗകര്യമുള്ള എല്ലാ പ്രദേശങ്ങളിലും കൃഷി നടപ്പിലാക്കാവുന്നതാണ്. 2016-2017 വർഷം 2560 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകിയത്; വിവരിക്കുമോ? | (സി) | കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിത്തിന് 3600/- രൂപയും, മറ്റുൽപ്പാദനോപാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവക്കായി ഹെക്ടറിന് 10000/-രൂപയും ഉൾപ്പെടെ ആകെ 13600/-രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. ഇതിലേക്കായി 348.16 ലക്ഷം രൂപ 2016-2017 വർഷം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ